ഐ.ടി (4) 4554/2018 സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം,തീയതി : 18-08-2020.

**സർക്കുലർ നം. 62/2020**

വിഷയം : സഹകരണ വകുപ്പ് -സഹകരണ സംഘങ്ങളിൽ നടപ്പിലാക്കിയിട്ടുള്ള സോഫ്റ്റ് വെയർ ഉപയോഗിക്കുന്നത് സംബന്ധിച്ച് മാർഗനിർദേശങ്ങൾ നൽകുന്നത്- സംബന്ധിച്ച്.

സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളിൽ നിലവിൽ ഉപയോഗിക്കുന്ന സോഫ്റ്റ് വെയറിന്റെ ഉപയോഗം സംബന്ധിച്ച് ചുവടെ പറയുന്ന മാർഗനിർദേശങ്ങൾ പാലിക്കണമെന്ന് നിർദേശിക്കുന്നു.

1. നിലവിൽ ഉപയോഗിക്കുന്ന സോഫ്റ്റ് വെയറിലെ ഡേറ്റയുടെ ഉടമസ്ഥാവകാശം നിശ്ചിത സംഘത്തിന് തന്നെ ആയിരിക്കണം. സംഘം ഭരണസമിതി, സോഫ്റ്റ് വെയർ വെണ്ടറുമായി ഇത് സംബന്ധിച്ചുള്ള എഗ്രിമെന്റ് വയ്ക്കേണ്ടതാണ്.
2. ടി സോഫ്റ്റ് വെയറിന് മതിയായ Firewall Settings, സുരക്ഷിതമായ inside office LAN എന്നിവ ഉണ്ടായിരിക്കേണ്ടതാണ്. അംഗീകൃത സേവനദാതാവിൽ നിന്നുള്ള ഇന്റർനെറ്റ് ഉപയോഗിക്കേണ്ടതാണ്. ഇന്റർനെറ്റ് ഉപയോഗം, സുരക്ഷ എന്നിവ സംബന്ധിച്ച് നിലവിലുള്ള സർക്കാർ നയങ്ങൾ പാലിച്ചിരിക്കണം. എല്ലാ കമ്പ്യൂട്ടറുകളിൽ Antivirus ഇൻസ്റ്റാൾ ചെയ്തിരിക്കേണ്ടതാണ്.
3. ഇന്റർനെറ്റ് ഉപയോഗത്തിൽ സേവനത്തിന് തടസ്സം നേരിടാത്ത വിധത്തിൽ മതിയായ ബാൻഡ് വിഡ്ത്ത് ഉള്ള അംഗീകൃത സേവനദാതാവിൽ നിന്നും ഇന്റർനെറ്റ് കണക്ഷൻ എടുക്കേണ്ടതാണ്. അംഗീകൃത സേവനദാതാവിൽ നിന്നുള്ള ഇന്റർനെറ്റ് സേവനം ഉപയോഗിക്കുമ്പോൾ, Firewall Settings ഉള്ള router ഉണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
4. യാതൊരു കാരണവശാലും സുരക്ഷിതമല്ലാത്ത പ്രാദേശിക സേവനദാതാക്കൾ നൽകുന്ന ഇന്റർനെറ്റ് കണക്ഷൻ ഉപയോഗിക്കാൻ പാടുള്ളതല്ല.
5. സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽ പുതിയതായി സ്ഥാപിക്കുന്ന കമ്പ്യൂട്ടർ സോഫ്റ്റ് വെയറുകൾ എല്ലാം നിശ്ചിത നിലവാര സർട്ടിഫിക്കേഷൻ, സെക്യൂരിറ്റി ആഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ

ഉള്ളതായിരിക്കേണ്ടതാണ്. സഹകരണ സംഘങ്ങൾ നിലവിൽ ഉപയോഗിക്കുന്ന സോഫ്റ്റ് വെയർ, CERT IN/CERT IN empanelled ഏജൻസികളെ കൊണ്ട് ഉത്തരവ് തീയതി മുതൽ 3 മാസത്തിനുള്ളിൽ ആഡിറ്റ് നടത്തേണ്ടതാണ്.

6. സംഘത്തിൽ സേവനം അനുഷ്ഠിക്കുന്ന ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുള്ള log in ID ടിയാളുകൾക്ക് ടി തസ്തികയിൽ നിന്നും മാറ്റം ലഭിക്കുമ്പോൾ/ വിരമിക്കുമ്പോൾ log in ID മാറ്റി നൽകുന്നതിനുള്ള ചുമതല സംഘത്തിന്റെ ചീഫ് എക്സിക്യൂട്ടീവിനായിരിക്കും. ഇത്തരത്തിൽ നൽകുന്ന പാസ് വേർഡ് നിശ്ചിത ഇടവേളകളിൽ നിർബന്ധമായി മാറ്റുന്നതിനുള്ള നിർദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകേണ്ടതുമാണ്. തസ്തിക അനുസരിച്ചുള്ള Login id നൽകേണ്ടതാണ്. ഓരോ യൂസറിനും സോഫ്റ്റ് വെയർ ഉപയോഗിക്കുന്നതിനുള്ള privilege കൃത്യമായി നിർവ്വചിച്ച് നൽകേണ്ടതാണ്.
7. ഓരോ ഇടപാടും Transaction Number Concept മുഖേന നടത്തേണ്ടതാണ്. ഓരോ ഇടപാടും സമർപ്പിച്ച log in Id യും, ടി ഇടപാട് അംഗീകരിച്ച log in Id യും പ്രത്യേകം tag ചെയ്യേണ്ടതാണ്. ഓരോ ഇടപാടിന്റേയും Transaction Number ഓരോ ദിവസത്തിനും പ്രത്യേകം ഉണ്ടായിരിക്കേണ്ടതാണ്.
8. സോഫ്റ്റ് വെയറിൽ ഇടപാടുകൾ തിരുത്തുന്നതിനും/ഒഴിവാക്കുന്നതിനും അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥന് authorisation log in നൽകേണ്ടതാണ്.
9. അംഗീകരിച്ച ഇടപാടുകളിൽ പിന്നീട് മാറ്റം വരുത്തുന്നത് പരമാവധി ഒഴിവാക്കപ്പെടേണ്ടതാണ്. ഇടപാടുകളിലെ തെറ്റ് ശ്രദ്ധയിൽ പെട്ടാൽ റിവേഴ്സ് എൻട്രി പ്രകാരം തെറ്റ് പരിഹരിച്ച് ക്രമീകരിക്കുന്ന രീതി അവലംബിക്കേണ്ടതാണ്. ഒരിക്കൽ അംഗീകരിക്കപ്പെട്ട ഇടപാട് മാറ്റം വരുത്തേണ്ട സാഹചര്യത്തിൽ ചീഫ് എക്സിക്യൂട്ടിവിന് മാത്രം റിവേഴ്സ് എൻട്രി പ്രകാരം തെറ്റ് പരിഹരിച്ച് ഇടപാട് ക്രമീകരിക്കേണ്ടതും edit log-ൽ ഇടപാടിൽ മാറ്റം വരുത്താൻ ഉണ്ടായ സാഹചര്യം രേഖപ്പെടുത്തേണ്ടതുമാണ്.
10. മേൽ പരാമർശിച്ചിട്ടുള്ള ഉദ്യോഗസ്ഥന്റെ അല്ലാതെ മറ്റ് ഉദ്യോഗസ്ഥർക്ക് സോഫ്റ്റ് വെയറിൽ ഇടപാടുകൾ തിരുത്തുന്നതിനോ/ഒഴിവാക്കുന്നതിനോ ഉള്ള സൌകര്യം ഉണ്ടാകാൻ പാടില്ല. തിരുത്തുകയോ/ ഒഴിവാക്കുകയോ ചെയ്തിട്ടുള്ള ഇടപാടുകൾ ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച ലിസ്റ്റ് പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനുള്ള സൌകര്യം ഉണ്ടായിരിക്കേണ്ടതാണ്. ഇത്തരത്തിൽ പഴയ തീയതിയിലുള്ള ലിസ്റ്റും ലഭ്യമാക്കേണ്ടതാണ്.
11. ഓരോ ഇടപാടും Maker-Checker concept ൽ തന്നെ അംഗീകരിക്കേണ്ടതാണ്. Maker-Checker എപ്പോഴും ഇക്കാര്യത്തിനായി നിയോഗിച്ചിട്ടുള്ള 2 പ്രത്യേകം വ്യക്തികൾ തന്നെ ആയിരിക്കണം.

12. ടി സോഫ്റ്റ് വെയറിൽ നിന്നും ബാങ്കിന്റെ ഇടപാടുകൾ സംബന്ധിച്ച് സഹകരണ നിയമപ്രകാരം നിർദേശിച്ചിട്ടുള്ള ദൈനംദിന/മാസം തോറും/വർഷാവസാനം ഉള്ള റിപ്പോർട്ടുകൾ ലഭ്യമാക്കേണ്ടതും, ടി റിപ്പോർട്ടുകൾ ആവശ്യമായ ഫോർമാറ്റിലേക്ക് മാറ്റുന്നതിനുള്ള സൌകര്യം ഉണ്ടായിരിക്കേണ്ടതുമാണ്.
13. ബാങ്കിന്റെ/സംഘത്തിന്റെ ശാഖകളുടെ കണക്കുകൾ സംബന്ധിച്ച റിപ്പോർട്ടും പ്രത്യേകം ലഭിക്കുന്നതിനുള്ള സൌകര്യം ഉണ്ടായിരിക്കേണ്ടതാണ്.
14. സോഫ്റ്റ് വെയറിൽ ടി സംഘത്തിന്റെ ആഡിറ്റർക്ക് പ്രത്യേകമായി ഒരു log in ID നൽകേണ്ടതാണ്. ടി ഉദ്യോഗസ്ഥന് ഇടപാടുകളെ സംബന്ധിച്ച് query രേഖപ്പെടുത്തുന്നതിനുള്ള സൌകര്യം നൽകേണ്ടതുമാണ്.
15. ഏതെങ്കിലും കാരണത്താൽ നിലവിലുള്ള സോഫ്റ്റ് വെയറിൽ നിന്നും മറ്റൊരു സോഫ്റ്റ് വെയറിലേക്കോ, സേവനദാതാവിലേക്കോ മാറേണ്ട സാഹചര്യത്തിൽ data migrate ചെയ്യുന്നതിനുള്ള സൌകര്യം ഉണ്ടാകേണ്ടതും അത്തരത്തിൽ സോഫ്റ്റ് വെയർ വെണ്ടറുമായി ബാങ്ക് എഗ്രിമെന്റ് വയ്ക്കേണ്ടതുമാണ്. നിലവിൽ ഇപ്രകാരം exit clause ഇല്ലാത്ത എഗ്രിമെന്റുകൾ അടിയന്തിരമായി പരിശോധിച്ച് exit clause ഉൾപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ 3 മാസത്തിനുള്ളിൽ സ്വീകരിക്കേണ്ടതാണ്.
16. സോഫ്റ്റ് വെയർ സംബന്ധിച്ചുള്ള AMC ഇനത്തിൽ വളരെയധികം തുക ചെലവാക്കുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. AMC തുക സംബന്ധിച്ച് സർക്കാർ മാനദണ്ഡങ്ങൾ ഇക്കാര്യത്തിൽ സ്വീകരിക്കേണ്ടതാണ്. ഇപ്രകാരം നിശ്ചിത നിരക്കിൽ അധികരിച്ച് AMC തുക നൽകേണ്ട സാഹചര്യം ഉണ്ടാവുകയാണെങ്കിൽ ഇത്തരത്തിലുള്ള പ്രത്യേക സാഹചര്യം വിശദീകരിച്ച് (സേവത്തിന്റെ മികവ്, വെണ്ടറുടെ വിപണി മൂല്യം തുടങ്ങിയവ) ഭരണസമിതി തീരുമാനം എടുക്കേണ്ടതാണ്. ഇപ്രകാരം വർദ്ധിപ്പിച്ച് നൽകുന്ന തുക നിലവിലുള്ള വിപണി നിരക്കുകളുമായി പൊരുത്തപ്പെടുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്. Service Level Agreement ലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്നുള്ളത് സംബന്ധിച്ച് റിപ്പോർട്ട് സൂക്ഷിക്കേണ്ടതും ടി കരാർ പ്രകാരമുള്ള സേവനങ്ങൾ ലഭ്യമാകാത്ത പക്ഷം ടി കരാർ പുതുക്കുന്ന വേളയിൽ ലഭ്യമാകാത്ത സേവനങ്ങൾക്കുള്ള തുക കുറവ് ചെയ്യേണ്ടതുമാണ്.
17. സംഘങ്ങളിൽ ഉപയോഗിക്കുന്ന സോഫ്റ്റ് വെയറുകൾ എല്ലാം തന്നെ സാധുവായ ലൈസൻസ് ഉള്ളതാണെന്ന് ഉറപ്പുവരുത്തേണ്ടതാണ് (Operating System ഉൾപ്പെടെ). യാതൊരു കാരണവശാലും pirated software ഉപയോഗിക്കുവാൻ പാടുള്ളതല്ല. സംഘത്തിലുള്ള കമ്പ്യൂട്ടറുകളിൽ pirated software ഉപയോഗിക്കുന്നില്ല എന്ന സാക്ഷ്യപത്രം എല്ലാ

സഹകരണ സംഘം സെക്രട്ടറിമാരും ഒരു മാസത്തിനുള്ളിൽ അതാത് അസിറ്റന്റ് രജിസ്ട്രാർ ആഫീസിൽ സമർപ്പിക്കേണ്ടതാണ്.

മേൽ പരാമർശിച്ചിട്ടുള്ള മാർഗനിർദേശങ്ങൾ നിലവിൽ ഉപയോഗിക്കുന്ന കമ്പ്യൂട്ടർ അധിഷ്ഠിത സേവനങ്ങളിൽ ലഭ്യമാകുന്നുണ്ട് എന്ന് ബാങ്ക് ഭരണസമിതി ഉറപ്പുവരുത്തേണ്ടതും ഇക്കാര്യത്തിൽ സേവനദാതാവുമായി കരാറുകളിൽ ആവശ്യമെങ്കിൽ മാറ്റങ്ങൾ വരുത്തേണ്ടതുമാണ്. ബന്ധപ്പെട്ട യൂണിറ്റ് ഇൻസ്പെക്ടർമാർ ഇക്കാര്യങ്ങൾ പരിശോധിച്ച് ജോയിന്റ് രജിസ്ട്രാർക്ക് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. 2019-2020 സാമ്പത്തിക വർഷത്തെ ആഡിറ്റ് പൂർത്തിയാകാത്ത സംഘങ്ങളിൽ, ടി ആഡിറ്റ് പൂർത്തീകരിക്കുന്ന വേളയിലും, 2019-2020 സാമ്പത്തിക വർഷത്തെ ആഡിറ്റ് പൂർത്തിയാക്കിയ സംഘങ്ങളിൽ, 2020-2021 സാമ്പത്തിക വർഷത്തെ ആഡിറ്റ് പൂർത്തീകരിക്കുന്ന വേളയിലും, മേൽ പരാമർശിച്ചിട്ടുള്ള മാർഗനിർദേശങ്ങൾ പാലിച്ചിട്ടുണ്ടോ എന്നത് ബന്ധപ്പെട്ട ആഡിറ്റർമാരും പ്രത്യേകം പരിശോധിക്കേണ്ടതാണ്.

മേൽ പരാമർശിച്ചിട്ടുള്ള എല്ലാ നിർദേശങ്ങളും എല്ലാ പ്രാഥമിക സഹകണ സംഘങ്ങളും പാലിച്ചിട്ടുണ്ട് എന്നുള്ളത് സംബന്ധിച്ച് യൂണിറ്റ് ഇൻസ്പെക്ടർമാർ സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജോയിന്റ് രജിസ്ട്രാർമാർ അന്തിമ റിപ്പോർട്ട് ഈ ആഫീസിലേക്ക് **30-11-2020** നകം സമർപ്പിക്കേണ്ടതാണ്.

ഒപ്പ്
ഡോ.നരസിംഹഗാരി .ടി.എൽ.റെഡ്ഡി ഐ.എ.എസ്
സഹകരണ സംഘം രജിസ്ട്രാർ.

പകർപ്പ് :

1. ഡയറക്ടർ, സഹകരണ ആഡിറ്റ് ഡയറക്ടറേറ്റ്, തിരുവനന്തപുരം.
2. എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും
3. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും
4. സ്റ്റോക്ക് ഫയൽ/ സ്പെയർ.

//നിർദേശാനുസരണം//

അസിസ്റ്റന്റ് നോഡൽ ആഫീസർ (ഐ.ടി)